**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല എഴുകോൺ ഗ്രാമപഞ്ചായത്ത് സമിതി തീരുമാനത്തിന്മേലുള്ള ആക്ഷേപം - WP(C) 6253/17 നമ്പർ കേസിന്മേലുള്ള 23.02.2017-ലെ വിധി നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.1189/2017/തസ്വഭവ തിരുവനന്തപുരം, തീയതി 18.04.2017**

==========================================================

പരാമർശം:- 1. ബഹു. ഹൈക്കോടതി മുമ്പാകെ ശ്രീമതി രേഖാ ഉല്ലാസും മറ്റ് 5 പേരും സമർപ്പിച്ച WP(C) 6253/17 നമ്പർ കേസിലെ 23.02.2017-ലെ വിധി.

2. 18.02.2017-ൽ ശ്രീമതി രേഖാ ഉല്ലാസും മറ്റ് 5 പേരും തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ സമർപ്പിച്ചിട്ടുള്ള പരാതി.
3. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 07.04.2017-ലെ സി2-1132/2017 നമ്പർ കത്ത്.
4. പഞ്ചായത്ത് ഡയറക്ടറുടെ 07.04.2017-ലെ സി5-6583/17 നമ്പർ കത്ത്.
5. എഴുകോൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21.03.2017-ലെ റിപ്പോർട്ട്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ എഴുകോൺ ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം അഡീഷണൽ പ്ലാൻ ഫണ്ടായി ലഭിച്ച തുക, വാർഡുകളിൽ വിഹിതം വച്ച് നൽകിയപ്പോൾ പരാതിക്കാരായ ഗ്രാമപഞ്ചായത്ത് അംഗങ്ങളുടെ വാർഡുകളിൽ കുറഞ്ഞ വിഹിതവും, മറ്റ് വാർഡുകളിൽ വികസന പ്രവർത്തനത്തിന് ആവശ്യമായതിൽ അധികം വിഹിതവും വിലയിരുത്തുകയും ചെയ്തുവെന്നും ഈ നടപടി പക്ഷപാതപരമായതിനാൽ സ്റ്റേ ചെയ്യണമെന്നും ബഹു. ഹൈക്കോടതി മുമ്പാകെ എഴുകോൺ ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ശ്രീമതി രേഖാ ഉല്ലാസും മറ്റ് 5 പേരും സമർപ്പിച്ചിരിക്കുന്ന WP(C) 6253/17-ൽ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത WP(C)-യിൽ 23.02.2017-ലെ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധി പ്രകാരം പരാതിക്കാർ 18.02.2017-ൽ (Ext.P2) സമർപ്പിച്ചിട്ടുള്ള പരാതി കേട്ട് രണ്ടാഴ്ചക്കകം തീരുമാനമെടുക്കാനാണ് കോടതി ഒന്നാം എതിർകക്ഷിയായ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നത്. പ്രസ്തുത പരാതിക്കാരെ കേൾക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 07.04.2017-ൽ ബന്ധപ്പെട്ട പരാതിക്കാരെ കേൾക്കുകയും ചെയ്തു.

Ext.P2 18.02.2017-ലെ പരാതിയിൽ, പരാതിക്കാർ ഉന്നയിച്ചിരിക്കുന്നത് അഡീഷണൽ പ്ലാൻ ഫണ്ടായി ലഭിച്ച 58,39,132 ലക്ഷം രൂപ എഴുകോൺ ഗ്രാമപഞ്ചായത്തിൽ ചട്ട വിരുദ്ധമായും പഞ്ചായത്ത് രാജ് ആക്ടിന്റെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായും കീഴ് വഴക്കങ്ങൾ ലംഘിച്ചുകൊണ്ടും ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട അംഗങ്ങളുടെ വാർഡുകളിൽ ക്രമവിരുദ്ധമായി വിഹിതം വച്ച് നൽകിയിട്ടുള്ളതാണെന്നാണ്. പഞ്ചായത്ത് സെക്രട്ടറിയുടെയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മേൽവിഷയം പരിശോധിച്ചു. എഴുകോൺ ഗ്രാമപഞ്ചായത്തിലെ 2016-17 വാർഷിക പദ്ധതി രൂപീകരിക്കുന്നതിനുള്ള ഗ്രാമസഭകളും വർക്കിംഗ് ഗ്രൂപ്പുകളും അംഗീകരിച്ച പദ്ധതികൾക്കാണ് ഗ്രാമപഞ്ചായത്തിന് തദ്ദേശമിത്രം ഫണ്ടും പ്ലാൻ അധികവിഹിതവുമായി ലഭിച്ച 58,39,132 രൂപയുടെള്ള പദ്ധതികൾക്ക് 13.02.2017-ലെ മൂന്നാം നമ്പർ തീരുമാനപ്രകാരവും 18.02.2017-ലെ ഒന്നാം നമ്പർ തീരുമാനപ്രകാരവും ഗ്രമപഞ്ചായത്ത് അംഗീകാരം നൽകിയത്. ഈ പദ്ധതികൾ അംഗീകരിക്കുന്നതിനുള്ള 18.02.2017-ലെ തീരുമാനത്തിൽ വാർഡ് V, XII, XV, XVI മെമ്പർമാർ എതിർപ്പ് രേഖപ്പെടുത്തിയിരുന്നു. ഈ യോഗത്തിൽ ഭരണസമിതി അംഗങ്ങൾ അനുകൂലമായും പ്രതികൂലമായും ഉന്നയിച്ച അഭിപ്രായങ്ങൾ തീരുമാന രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പരാതിക്കാരായ വാർഡ് മെമ്പർമാർ വിയോജനക്കുറിപ്പ് രേഖാമൂലം നൽകിയിട്ടില്ലെന്ന് എഴുകോൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എഴുകോൺ ഗ്രാമപഞ്ചായത്തിനെ ഒരു വികസന യൂണിറ്റായികണ്ട് നിയമങ്ങളും ചട്ടങ്ങളും പ്രകാരമാണ് 13.02.2017-ലെ മൂന്നാം നമ്പർ തീരുമാനപ്രകാരം പ്രോജക്ടുകൾക്ക് ഫണ്ട് വകയിരുത്തിയിട്ടുള്ളതെന്നും, കേരള പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ടാണ് ഭരണസമിതി തീരുമാനം എടുത്തിട്ടുള്ളതെന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

13.02.2017-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ കോപ്പി 48 മണിക്കൂറിനകം അംഗങ്ങൾക്ക് നൽകണമെന്നുള്ള വ്യക്തമായ നിയമം പഞ്ചായത്ത് രാജ് ആക്ടിൽ ഉള്ളപ്പോൾ ഈ തീരുമാനത്തിന്റെ പകർപ്പ് 16.02.2017-ൽ പഞ്ചായത്ത് ഡയറക്ടർക്കും ഡെപ്യൂട്ടി ഡയറക്ടർക്കും പരാതി നൽകിയതിനു ശേഷമാണ് ലഭിച്ചത് എന്നും പരാതിയിൽ പറയുന്നു.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് സെക്രട്ടറി എന്നിവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മേൽ വിഷയം പരിശോധിച്ചു

13.02.2017-ൽ കൂടിയ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന രജിസ്റ്ററിൽ പഞ്ചായത്ത് പ്രസിഡന്റ് അംഗീകരിച്ച് നൽകാൻ താമസിച്ചതുകൊണ്ടാണ് യഥാസമയം തീരുമാന രജിസ്റ്ററിന്റെ പകർപ്പ് നൽകാൻ കഴിയാതിരുന്നതെന്നും, ആയത് 16.02.2017-ൽ വാർഡ് മെമ്പർമാർക്ക് നൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരാതിക്കാരായ മെമ്പർമാർ 15.02.2017-ൽ ഇത് സംബന്ധിച്ച പരാതി കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടി രേഖകൾ മെമ്പർമാർക്ക് അടിയന്തിരമായി നൽകാൻ പഞ്ചായത്ത് സെക്രട്ടറിക്ക് ഡെപ്യൂട്ടി ഡയറക്ടർ ഫോണിലൂടെ നിർദ്ദേശം നൽകിയിരുന്നു. ആയതിൻ പ്രകാരം പഞ്ചായത്ത് സെക്രട്ടറി 16.02.2017-ൽ തന്നെ തീരുമാന രജിസ്റ്ററിന്റെ പകർപ്പ് ബന്ധപ്പെട്ട മെമ്പർമാർക്ക് നൽകിയിട്ടുള്ളതാണ്.

മുകളിൽ വിവരിച്ചിട്ടുള്ള കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പരാമർശം രണ്ടിലെ പരാതിയിൽ (Ext.P2) കഴമ്പില്ലാത്തതിനാൽ പരാതിക്കാരുടെ ആവശ്യം പരിഗണിക്കാൻ നിർവാഹമില്ല. ആയതിനാൽ പരാതിക്കാരുടെ ആവശ്യം നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇത്തരത്തിൽ ബഹു. ഹൈക്കോടതിയുടെ പരാമർശം ഒന്നിലെ വിധി നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സിനി ജെ ഷുക്കൂർ**
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രേഖാ ഉല്ലാസ് മെമ്പർ (വാർഡ് V), ഏഴുകോൺ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല.
ശ്രീ. പാറക്കടവ് ഷറഫ്, മെമ്പർ (വാർഡ് X), ഏഴുകോൺ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല.
ശ്രീമതി ശോശമ്മ രാജൻ, മെമ്പർ (വാർഡ് XI), ഏഴുകോൺ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല.
ശ്രീ. അലക്സ് വർഗീസ്, മെമ്പർ (വാർഡ് XII), ഏഴുകോൺ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല.
ശ്രീ. എസ്.എച്ച്. കനകദാസ്, മെമ്പർ (വാർഡ് XV), ഏഴുകോൺ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല.
ശ്രീ. ബാബു മണിയനാംകുന്നിൽ, മെമ്പർ (വാർഡ് XVI), ഏഴുകോൺ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
സെക്രട്ടറി, ഏഴുകോൺ ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്
അക്കൗണ്ടന്റ് ജനറൽ, (എ&ഇ), (ഓഡിറ്റ്), കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ